**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5489** **15-03-2023 - ൽ മറുപടിയ്ക്ക്**

**അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോ നവീകരണവും പരിഷ്കരണവും.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടും നാളിതുവരെയായി ആയതിന് പരിഹാരമുണ്ടാകാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | **അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പുനരുദ്ധാരണ പ്രവൃത്തികൾ PMC ആയ M/s. KRDCL മുഖേന നടപ്പിലാക്കുന്നതിനായി 16/02/2023 തീയതിയായി 4,34,32,197/- രൂപയുടെ ഭരണാനുമതി (അനുബന്ധമായി ചേർക്കുന്നു) നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് 10.3.2023 തീയതിയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.** |
| (ബി) | ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായുള്ള പദ്ധതിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകുമോ; നൽകിയിട്ടുണ്ടെങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | **അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പുനരുദ്ധാരണ പ്രവൃത്തികൾ PMC ആയ M/s. KRDCL മുഖേന നടപ്പിലാക്കുന്നതിനായി 16/02/2023 തീയതിയായി 4,34,32,197/- രൂപയുടെ ഭരണാനുമതി (അനുബന്ധമായി ചേർക്കുന്നു) നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് 10.3.2023 തീയതിയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.** |
| (സി) | കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് അങ്കമാലി ഡിപ്പോയിൽ ഏതെങ്കിലും പുതിയ സംരംഭം ആരംഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (സി) | ദീർഘദൂര സർവ്വീസുകൾ കാലാനുസൃതമായി പരിഷ്കരിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരത്തിൽ എത്തിച്ചേരുന്ന വിധത്തിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന് സഹായകരമാകുന്ന വിധത്തിൽ അങ്കമാലി ഡിപ്പോയിൽ ദീർഘദൂര സർവ്വീസുകളുടെ ട്രാൻസിറ്റ് കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ചർച്ചകൾ ബഹു. എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ 02.09.2022ലെ യോഗത്തിൽ നടത്തുകയും തുടനടപടികൾ സ്വീകരിച്ച് വരികയുമാണ്.<br><br>എൻ.എച്ച് റോഡും എം.സി റോഡും വന്നുചേരുന്ന അങ്കമാലി പട്ടണത്തിലെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്നതിനാൽ അങ്കമാലി ഡിപ്പോയിൽ ഇതിനു വേണ്ട ഭൗതീക സാഹചര്യങ്ങൾ ക്രമീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | സിവിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അങ്കമാലി ഡിപ്പോയിലെ നിലവിലെ കെട്ടിടത്തിൽ താഴത്തെ നിലയിൽ AC / Non AC Restaurant, AC Passenger Waiting Lounge, ഒന്നാം നിലയിൽ പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകമായി Dormitory (AC/Non AC) സംവിധാനം, രണ്ടാം നിലയിൽ KSRTC സ്റ്റാഫുകൾക്കായി AC റെസ്റ്റ് റൂം / Dormitory സംവിധാനം, Lift, പുതിയ ഓഫീസ് ബ്ലോക്ക് നിർമ്മാണം, യാർഡ് നവീകരണം, ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇന്ത്യൻ ഓയിൽ കോർപറേഷനുമായി ചേർന്ന് നിലവിലുള്ള കൺസ്യൂമർ പമ്പിനെ ഫ്യൂവൽസ് റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റായി പരിവർത്തനം നടത്തി യാത്രാ ഫ്യൂവൽസ് ആരംഭിക്കുന്നതിനുള്ള പദ്ധതിയിൽ അങ്കമാലി ഡിപ്പോയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫ്യൂവൽഔട്ട്ലെറ്റ് ആരംഭിക്കുന്നതിനുള്ള സ്ഥല പരിമിതിയുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ നിലവിൽ അങ്കമാലി ഡിപ്പോയിൽ നിന്നും നടന്നുവരുന്ന ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകളിലേതെങ്കിലും വിധത്തിലുള്ള മാറ്റമോ തടസ്സമോ ഉണ്ടാകുന്നതിന് സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | അങ്കമാലി ഡിപ്പോയെ സെൻട്രൽ ട്രാൻസിറ്റ് ഹബ്ബ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള ഹ്രസ്വദൂര ദീർഘദൂര സർവ്വീസുകൾക്ക് മാറ്റമോ തടസ്സമോ വരുത്തുന്നതിനുള്ള സാദ്ധ്യത ഇല്ലാത്തതാണ്. |
| (ഇ) | അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതുതായി നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ സംബന്ധിച്ച് ജനപ്രതിനിധികളുടെ യോഗം വിളിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | പ്രാഥമിക നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ജനപ്രതിനിധികളുടെ യോഗം വിളിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: AB3/027504/2022

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി: 10/03/2023

ഉത്തരവ്

വിഷയം :- Renovation of KSRTC Angamaly Depot - എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1) Consultancy Contract Agreement Number :
PMC- 01/KRDCL/2022 dtd – 24/12/2022
2) KRDCL Price estimate (2022/24150) submitted on 27-01-2023
3) 14/02/2023 ലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഫയൽ ഉത്തരവ്.

അങ്കമാലി ഡിപ്പോയിൽ M/s KRDCL മുഖേന നടത്തുന്ന "Renovation of KSRTC Angamaly Depot" എന്ന പ്രവൃത്തിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് താഴെ പറയുന്ന നിബന്ധനകൾക്ക് അനുസൃതമായി 18% GSTയും, 4% PMC ചാർജും, PMC ചാർജിന്റെ 18% GSTയും ഉൾപ്പെടെ 4,34,32,197/- (നാല് കോടി മുപ്പത്തി നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിന് ആവശ്യമായ തുക 2023-24 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ചിലവാക്കേണ്ടതാണ്.

| No | Details | Amount |
|---|---|---|
| 1 | Building Work | 2,09,94,547.57 /- |
| 2 | Plumbing Works | 17,42,306.60 /- |
| 3 | Passenger Lift | 9,00,162.50 /- |
| 4 | Yard Works DSR | 33,56,224.50 /- |
| 5 | Yard Work MoRTH Specification. | 10,65,618.00 /- |
| 6 | Electrical Works | 61,71,319.54 /- |
| 7 | Ducting for Exhaust Fans(Electrical) | 90,302/- |
| 8 | Lump Sum Amount Submission of Fees etc to KSEB for Electricity Connection | 40,000 /- |
| A | Total (A) | 3,43,60,480.71 /- |

| | | |
|---|---|---|
| B | Contingency Charges at 3% of(A) | 10,30,814.42 /- |
| C | Total (A+B) | 3,53,91,295.13 /- |
| D | 18% GST (C) | 63,70,433.12/- |
| E | Total Including GST(C+D) | 41,761,728.25/- |
| F | PMC Charge 4% of (A) | 14,15,651.81/- |
| | 18% GST (F) | 2,54,817.32 /- |
| | Sub Total | 4,34,32,197.38/- |

ഈ പ്രവൃത്തിയുടെ നിർവ്വഹണം തിരഞ്ഞെടുത്ത പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടന്റായ KRDCL മുഖേന നടപ്പാക്കേണ്ടതാണ്.

1) PMC എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകി പകർപ്പ് KSRTCയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ മുഖാന്തിരം നടപ്പിലാക്കേണ്ടതാണ്.

3) നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തി തുടങ്ങുന്നതിനു മുൻപ് കരാറുകാരനുമായി നിയമ പ്രകാരമുള്ള ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. ഇങ്ങനെ ഏർപ്പെടുന്ന ഉടമ്പടിയിൽ നിർവഹണ ഏജൻസിയും KSRTC യും തമ്മിലുള്ള കരാറിന്റെ എല്ലാ വ്യവസ്ഥകളും കൂടി ഉൾപ്പെടുത്തണം.

4) പ്രവൃത്തി പൂർണ്ണമായും അംഗീകൃത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണ്. എസ്റ്റിമേറ്റ് വ്യതിയാനം അനുവദിക്കുന്നതല്ല.

5) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കഴിയുന്നത്ര വേഗത്തിൽ പൂർത്തീകരിച്ച് പ്രവൃത്തിക്കുള്ള Work Order നൽകിയതിനു ശേഷം സാധൂകരണത്തിനു വേണ്ടി അയച്ചു നൽകേണ്ടതാണ്.

6) പദ്ധതി നടപ്പിലാക്കുന്ന വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സ്ഥിരമായ മേൽനോട്ടം ഉണ്ടാകേണ്ടതും, പ്രതിമാസ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

7) പ്രവൃത്തിയെ സംബന്ധിച്ചുള്ള നിയമാനുസൃത രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ആയത് കാലാകാലങ്ങളിലുള്ള പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.

8) ടെണ്ടർ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നാൽ മുന്നോട്ടുള്ള ഓരോ ആഴ്ചകളിലും 0.50% Contract Amount ൽ നിന്നും പിഴയായി ഈടാക്കുന്നതാണ്.

9) ഈ പ്രവർത്തി 5 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ (P&CW)

TO :MD, KRDCL, C.C to A.E Civil, File and stock file